# Luna

2021 - JULY

Digital Magazine

St.Pius X College Rajapuram, Kasaragod



Luna
2021 - JULY
Digital Magazine

## Co-ordinators

Parvathi E
Dr. Vinod N V
Dr. Ajithkumar
Dr. Shiju Abraham

## Editor

Srihari M

## Layout & Cover Design

Ranjith K

## Publication

Nss Unit 7 & 8
Physics Department
Science Club

## Editorial Board

Abhith N
Diya Gijo
Nandana Vinod
Akhila Peeter
Adorna Maria Johny
Vishnu Valsan K P
Divyalekshmi P M
Aswin S
Anusha V
Aiswarya K V
Athulya T
Augustine Tom
Jithin Krishna

*Mar Joseph Pandarasseril*
(Auxiliary Bishop of Kottayam)

**Sreepuram Bishop's House**
P.O. Pallikkunnu, Kannur - 670 004,
Ph: 0497- 2701333, 2702133,
Fax: 0497 - 2708333
E-mail: marpandarasseril@gmail.com



പ്രിയരേ,

നമ്മുടെ കോളേജിലെ എൻ.എസ്.എസ്, ഫിസിക്സ് ഡിപ്പാർട്ട്മെന്റ്, സയൻസ് ക്ലബ്ബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ രചനകൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാസിക ആരംഭിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. പ്രതിസന്ധികൾ വളർച്ചയ്ക്ക് അനിവാര്യമാണെന്ന് ഒരിക്കൽക്കൂടി നമ്മുടെ കുട്ടികൾ തെളിയിക്കുകയാണ്. ശാസ്ത്ര സാഹിത്യ വിദ്യാർത്ഥികളുടെ ഇഷ്ടവിഷയമായ ചന്ദ്രനെ ഈ കോവിഡ് മഹാമാരിയുടെ കാലത്തും വിവിധ കോണുകളിലൂടെ വീക്ഷിക്കാൻ നമ്മുടെ കുട്ടികൾ നടത്തിയ ശ്രമം അഭിനന്ദനാർഹമാണ്. വ്യത്യസ്തമായ രീതികളിലൂടെ ബഹിരാകാശഗവേഷണത്തിന്റെ പ്രാധാന്യം ചാന്ദ്രയാത്രയുടെ പ്രസക്തി എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം വളർത്താനുള്ള ശ്രമങ്ങൾ തുടരാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

+ [signature]

+മാർ ജോസഫ് പണ്ടാരശ്ശേരിൽ
മാനേജർ, സെന്റ് പയസ് ടെൻത് കോളേജ്



**ശ്രീ. ബിജു ജോസഫ്**
പ്രിൻസിപ്പൽ ഇൻ ചാർജ്ജ്

## ആശംസ

1969 ജൂലൈ ഇരുപതാം തീയതി, ചരിത്രത്തിൽ ആദ്യമായി ചന്ദ്രോപരിതലത്തിൽ മനുഷ്യ പാദം സ്പർശിച്ചതിന്റെ ഓർമ്മയ്ക്കായി ജൂലൈ 21 ചാന്ദ്രദിനമായി ലോകം ആഘോഷിക്കുന്നു. ഏറ്റവും മഹത്തരമായ സർവ്വകാല സാങ്കേതിക നേട്ടം എന്ന് നാസ വിശേഷിപ്പിച്ച ഈ നേട്ടം പിന്നീട് അനേകം രാജ്യങ്ങളെ സമാന ദൗത്യത്തിനു പ്രേരിപ്പിച്ചു എന്നത് യാഥാർത്ഥ്യം. വർഷങ്ങൾക്കുശേഷം 2008, ഒക്ടോബർ 22ന് ചന്ദ്രയാൻ 1 എന്ന പദ്ധതിയിലൂടെ ഇന്ത്യയും ചാന്ദ്ര ദൗത്യത്തിൽ പങ്കാളിയായി. പിന്നീട് 2019 ൽ നടത്തിയ ചന്ദ്രയാൻ2 പദ്ധതിയിലൂടെ ചന്ദ്രനിലെ ജല സാന്നിധ്യം സ്ഥിതീകരിക്കുവാൻ ഭാരതത്തിനായി. ചന്ദ്രയാൻ 3 ദൗത്യത്തിനായി ഇസ്റോ (ISRO) ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നമ്മുടെ കോളേജിലെ എൻ എസ് എസ് യൂണിറ്റ്, ഫിസിക്സ് ഡിപ്പാർട്ട്മെന്റ്, സയൻസ് ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഈ വർഷത്തെ ചാന്ദ്ര ദിനത്തോടനുബന്ധിച്ച് ചാന്ദ്രയാൻ മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. കുട്ടിക്കാലം മുതൽ ഓരോ മനുഷ്യന്റെയും ജീവിതത്തിൽ നിർണായക സ്വാധീനവും ആനന്ദവുമായ ഒരു പ്രഹേളികയായി തുടരുന്ന 'അമ്പിളിമാമനെ' അല്പം കൂടി അടുത്തറിയുവാൻ ചാന്ദ്രയാൻ മാസിക ഇടയാക്കട്ടെ എന്ന് ആശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോരുത്തർക്കും അഭിനന്ദനങ്ങൾ.

“Not only is the Universe stranger than we think, it is stranger than we can think ”

– the words of famous physicist Werner Heisenberg. There are many mysteries in the universe we the human being has been trying to solve. It was a priceless moment in the history of space exploration when the men from the planet Earth first set foot upon the moon in 1969. The Apollo mission really demonstrates that humanity is not forever chained to this planet and our visions go rather further than that and our opportunities are unlimited. As part of the remembrance of this inspiring space mission, NSS, Department of Physics and Science Club of St Pius X College, Rajapuram is releasing a student magazine "Luna". We express our heartfelt thanks to all the contributors for making this effort a grand success. Let this endeavour of our dear students be a stepping stone for them to illumine themselves and the society.

## Co-ordinators



Dr: Vinod N V



Parvathi E



Dr: Ajith Kumar



Dr: Shiju Abraham

# എഡിറ്റോറിയൽ



Srihari M
3rd DC Computer Science

ലോകജനത വലിയൊരു പ്രതിസന്ധിക്കുമുന്നിൽ പകച്ചു നിൽക്കുന്ന ഈ കാലഘട്ടത്തിൽ ക്രിയാത്മകതയുടെ മറ്റൊരു ലോകം നമുക്ക് മുൻപിൽ തുറക്കപ്പെട്ടിരിക്കുകയാണ്. വായനയും എഴുത്തും കലാപ്രവർത്തനങ്ങളും ഗവേഷണങ്ങളും സാക്ഷാത്ക്കരിക്കാനുള്ള ഒരവസരമായി കോവിഡ് കാലം പ്രയോജനപ്പെടുത്താൻ കഴിയുക എന്നത് ഏറെ പ്രതീക്ഷകൾ ഉണർത്തുന്നു. ഈ കാലയളവിൽ ചരിത്രത്താളുകളിൽ അടയാളപ്പെടുത്തിയ അത്ഭുതനിമിഷങ്ങളെക്കുറിച്ച് പഠിക്കുവാനും കൂടുതൽ അറിയുവാനുമുള്ള സാധ്യതകൾ ഏറെയാണ്. അത്തരമൊരു ചരിത്രനേട്ടത്തെക്കുറിച്ചുള്ള ചിന്തകളും എഴുത്തുകളുമെല്ലാം സംയോജിപ്പിച്ച് ‘ലൂണ‘ വിക്ഷേപിക്കുകയാണ്.

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയത് മാനവചരിത്രത്തിലെ നാഴികക്കല്ലായി ഇന്നും വിശേഷിപ്പിക്കപ്പെടുമ്പോൾ, ചാന്ദ്രദൗത്യങ്ങളും ബഹിരാകാശ ഗവേഷണവും വളർന്നു വരുമ്പോൾ നമുക്കാവശ്യം ശാസ്ത്രമനോഭാവമാണെന്ന് വീണ്ടും ഓർമിപ്പിക്കുകയാണ് ഈ സൃഷ്ടി.

ഇതിലെ രചനകളും ചിത്രങ്ങളുമെല്ലാം വെറും അവശേഷിപ്പുകൾ അല്ല, മറിച്ച് ചിന്തകളുടെ, പുത്തൻ ആശയങ്ങളുടെ ഒരു ജാലകമാണ്. വിദൂരമില്ലാത്ത, കൗതുകങ്ങൾ നിറഞ്ഞ ഈ യാത്രയിൽ പങ്കുചേരാൻ നിറമനസ്സോടെ നിങ്ങളെയും ക്ഷണിക്കുന്നു.

# CONTENTS


Space Exploration 08
Athulya K

മാനത്തെ വിസ്മയം 09
രേഷ്മ ഇ

Facts About The Moon 10
Emelda Nelson

ചാന്ദ്രയാൻ 2 11
അക്ഷയ ബി

An Outlook on The Moon Landing Conroversy 12
Jithin Krishna

നിലാവേ നീ 15
വൈഷ്ണവി ശിവദാസ് പി





The Moon In Literature 16
Adona Maria Johny

ചന്ദ്രനിൽ നിന്നൊരു കത്ത് 17
അഭിത്ത് എൻ





ചിറകുയർത്തി 19
പ്രിയ പപ്പൻ കെ

The Future of Lunar Exploration 20
Diya Gijo

കറുപ്പ് 22
കൃഷ്ണപ്രിയ കെ

ഉയരെ 23
രേണുക ഇ


മാനത്തെ താരം 24
സ്നേഹ ആന്റണി

ചന്ദ്രന്റെ ചിന്തകൾ 27
ശാമിൽ അഹമ്മദ്

Art Gallery 28

# Space Exploration





**Athulya k**
2nd DC BBA

**"The day we stop exploring is the day we commit ourselves to live in a stagnant world, devoid of curiosity, empty of dreams"**

Space exploration is the use of astronomy and space technology to explore outer space. While the exploration of space is carried out mainly by astronomers with telescopes, its physical exploration is conducted both by unmanned robotic space probes and human space flight. Space exploration, like its classical form astronomy is one of the main source for space science.

While the observation of objects in space known as astronomy predates reliable recorded history, it was the development of large and effectively efficient rockera during the mid-twentieth century that allowed physical space exploring to become a reality. Common rationales for exploring space include advancing scientific research, national prestige, uniting different nations, ensuring the future survival of humanity and developing military and strategic advantages against other countries. The scientists have concluded 4 different types of space missions including flyby orbiter, rover and human space explorations. Human space exploration helps to address fundamental questions about our place in the universe and the history of our solar system. Through addressing the challenges related to human space exploration we expand technology, create new industries and help to foster a peaceful connection with other nations. Space exploration results in the generation of scientific knowledge, the difference of innovation, the inspiration of people around the world and agreements forged between the countries engaged in exploration.

# മാനത്തെ വിസ്മയം

മാനത്തെ വിസ്മയമായിരുന്ന,
അമ്പിളിമാമനെ, മനുഷ്യരാശിതൻ കരങ്ങളിൽ ചുരുക്കിയ
പ്രതിഭാസം.

തന്നിൽ വളർന്നൊരു കൗതുകത്തെ
തന്നിലെ വളർച്ചയ്ക്കപ്പുറം വളർത്തിയെടുത്ത് ആദ്യത്തെ ചുവട്
താരരാജാവിന്റെ
നെറുകയിൽ വച്ചപ്പോൾ
തന്നിലുറപ്പിച്ച നിശ്ചയദാർഢ്യത്തിന്റെ
കരുത്ത് വീണ്ടും വിണ്ണിന്റെ കാതൽ ഉള്ളം കയ്യിലെടുത്ത് കൊണ്ട്
ഉറപ്പിച്ച മനുഷ്യർ.

കാതം അകലെയുള്ള
ആകാശ മനസ്സിന്റെ കാന്തികതകൊണ്ട്
ചരിത്രമാക്കിത്തീർത്ത ആ മനുഷ്യൻ
ഇങ്ങനെ ചൊല്ലി.
' ഇതൊരു മനുഷ്യന്റെ ചെറിയ കാൽവെയ്പ്പ്,
മാനവരാശിക്ക് വലിയ കുതിച്ച് ചാട്ടവും...'
രണ്ട് വരികളിലൂടെ അസാധ്യം
എന്നവാക്കിനെ തിരുത്തിക്കുറിച്ച
ചരിത്രം ചാന്ദ്രദിനം.





Reshma A
2nd Development Economics

# FACTS ABOUT THE MOON





**Emelda Nenson**
3rd DC BBA

The Moon or more relatively, the Earth's Moon is an astronomical body that orbits the Earth and is the the only natural satellite of the planet. It's the fifth largest among the planetary satellites relative to the size of the planet that it orbits. It's believed that the Moon was created as a result of a humongous rock getting smashed onto the earth shortly after our Solar System began to form about 4.5 billion years ago. The Moon is situated at a distance of about 3,84,400 kilometres from the Earth. Here are some 10 interesting facts about the Moon:

01 Apart from footprints, there are some other human belongings too on the Moon.

02 It was made when a rock got smashed onto the Earth.

03 The Moon is shaped like a lemon.

04 The Moon has no atmosphere.

05 It always shows the same face to the Earth.

06 During the 1950's, the USA considered detonating a nuclear bomb on the Moon.

07 Only 12 people have ever walked on the Moon.

08 Our Moon is the 5th largest natural satellite.

09 The Moon has its own quakes called moon quakes.

10 The Moon is slowly drifting away from the Earth.

# ചന്ദ്രയാൻ 2



Akshaya B
2nd Dc Bsc Life science

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഏറ്റെടുത്തു നിർമ്മിക്കാൻ തീരുമാനിച്ച രണ്ടാമത്തെ ചന്ദ്രപര്യവേഷണ ദൗത്യമാണ് ചന്ദ്രയാൻ 2. ഐഎസ്ആർഒയുടെ ചരിത്രത്തിലെ ഏറ്റവും സങ്കീർണ്ണമായ ദൗത്യ മായിട്ടാണ് ചന്ദ്രയാൻ 2 വിക്ഷേപണം അറിയപ്പെടുന്നത്. 3.8 ടണ്ണാണ് പേടകത്തിന് ഭാരം. ദൗത്യം വിജയകരമായിരുന്നെങ്കിൽ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പര്യവേഷണ പേടകം ഇറക്കുന്ന ആദ്യ രാജ്യമാകുമായിരുന്നു ഇന്ത്യ. ചന്ദ്രയാൻ 2 വിക്ഷേപണം ആദ്യം 2019 ജൂലൈ 14 നായിരുന്നു ഷെഡ്യൂൾ ചെയ്തിരുന്നത് എന്നാൽ സാങ്കേതിക തകരാർ കാരണം വിക്ഷേപണം ആരംഭിക്കുന്നതിന് 56 മിനിറ്റ് മുൻപ് റദ്ദാക്കി. പിന്നീട് ജൂലൈ 22 പുതിയ തീയതി തീരുമാനിക്കുകയായിരുന്നു. 2019 സെപ്റ്റംബർ 7 ന് ചന്ദ്രോപരിതലത്തിൽ ക്രാഷ് ലാൻഡിംഗ് നടത്തി. ചന്ദ്രയാൻ 2 ദൗത്യത്തിൽ പ്രധാന പങ്കു വെച്ച ശാസ്ത്രജ്ഞരാണ് മുത്തയ്യ വനിത (പ്രൊജക്ട് ഡയറക്ടർ ചന്ദ്രയാൻ 2), കരി താൽ (മിഷൻ ഡയറക്ടർ ചന്ദ്രയാൻ 2), ചന്ദ്രകാന്ത കുമാർ (ഡെപ്യൂട്ടി പ്രോജക്ട് ചന്ദ്രയാൻ 2). ചന്ദ്ര ജലത്തിന്റെ സ്ഥാനവും സമൃദ്ധിയും മാപ്പ് ചെയ്യുക എന്നതാണ് പ്രധാന ശാസ്ത്രലക്ഷ്യം. സതീഷ് ധവാൻ സ്പേസ് സെന്റർ, ശ്രീഹരിക്കോട്ടയിൽ നിന്നുമാണ് ചന്ദ്രയാൻ 2 വിക്ഷേപിച്ചത്.



# An Outlook on the moon landing controversy



**Jithin krishna**
**2nd Dc Physics**

Despite the fact that we are celebrating the 52nd anniversary of the Moon landing which is undoubtedly the most impressive feat of our engineering and science, there are millions of people who still claim that the whole project was a hoax. It is estimated that at least 10% of the US population ( home of NASA ) believe that the Moon landing was staged. It is so perplexing to me that there are even people out there with similar 'theories' about how the 'earth is flat' and absurd claims about how the government cover up real 'truths' ( according to these conspiracy theorists, governments hide secrets about extraterrestrial life and these people are often the ones with anti-vaccine policies and theories) from the people. These claims are almost always debunkable with little to no effort.

If I was to comment on how these misinformation and conspiracy theories spread, I would most certainly point out the fact that with the arrival of internet as a commercial network in the 90s, people began socialising and started sharing ideas at a never before seen pace. This also led to the peddling of misinformation and conspiracy theories with absurd and illogical (and most often based on religious texts) contents. The irony is that these people even began criticising science using the same tools developed by the principles of science.


Now let us examine the Moon landing scenario. On July 20,1969 at 4:17 pm EDT Apollo 11 landed on the Moon and became the first manned spacecraft to do so. Even though it was one of the

greatest achievements of mankind, it can be argued that it was also an incident to set the stage for the final victory in the cold war. The primary motive of the Apollo mission was to humble the Soviets. It took 400000 NASA employees and contractors to put men on the Moon. Even after all these hard work and roughly 288.1 billion dollars (inflated value) spent, how did people began to suspect or doubt that the moon landing was fake? Let's have a closer analysis on the situations which started the spread of these conspiracy theories.

Bill Kaysing  was an employee of Rocketdyne between 1956 and 1963. This was the company that helped to design the Saturn V rockets. It was Kaysing who mainstreamed the conspiracy with a published pamphlet; ' we never went to the moon: America's thirty billion dollar swindle'. Despite the extraordinary evidence for the Moon landing, the absurd claims of the likes of Kaysing spread like wildfire. Hollywood movies also played a role in this and the arrival of internet paved a new way. Let me quote a former chief historian of NASA - " The reality is, the internet has made it possible for the people to say whatever the hell they like to a broader number of people than ever before ".The wide spread attention the conspiracy theorists get is indeed alarming. Over 21% of young British population believe that the Moon landing was staged. This shows that even first world countries can have flawed educational systems and scientific illiteracy of the population. All the famous hoaxes surrounding the moon landing has been debunked multiple times. But people cherry pick facts to suit their ideology of how the world is, and become ignorant to well documented scientific facts and accomplishments. This certainly highlight the importance of why we should inspect our educational policies and curriculum. A population with scientific literacy is a resource for any country and thus scientific knowledge untouched by myths and hoaxes should be available to everyone What started as a conflict between two superpower nations led to the 'conquering of heavens' and 1969 will always



be a reminder of what our civilization can achieve. So I urge everyone to keep a scientific temper inside you as mentioned in our constitution (article 52 A (h) ) and acquire the skill to filter out misinformation from the overwhelming amount of information we receive and strive for the betterment of humanity.



# നിലാവേ നീ...



Vaishnavi Shivadas P
2nd DC Life Science

നിലാവേ ഈ രാത്രിയിൽ
കാണുന്നു ഞാനൊരു ലോകം.
നിലാവേ നീ അറിയുന്നുവോ
നിന്നിലേക്കുള്ള സ്പന്ദനം.
ഒന്നു നിന്നെ തലോടുവാൻ
നിന്നിൽ പാദം താഴ്ത്തുവാൻ
കൊതിക്കുന്നു ഞാൻ.
പ്രകാശമായ് പടരുന്ന നിൻ മേനി
ഹർഷമൊരുക്കി എൻ മനസ്സിൽ
തീവ്രമായി ഉരുകും നിൻ ശരീരം
എനിക്കേകുന്നു സാന്ത്വനം...
എന്റെ വിങ്ങലിൽ നീ നൽകുമീ ആശ്വാസം
മറക്കില്ല ഞാൻ മരിക്കുവോളം.
നീ ഒപ്പിയെടുത്തു എൻ
മനസ്സിന്റെ ചിത്രം
തിരിച്ചേകി നീ ഒരു നൂറു വർണം.
നിലാവേ നീ പ്രകാശിക്കൂ
പകർത്തിടാം നിൻ നന്മയെ.
അതിതീവ്രമാം നിൻ കരങ്ങളെൻ
ഓർമയെ
ആർജിച്ചെടുത്തു ഈ രാവിൽ
പകരമായ് നിന്റെയീ പുഞ്ചിരി മതിയെനിക്കൊരുപാട്
നാളെയ്ക്കാസ്വദിക്കാൻ.

# The Moon in Literature

The Moon's luminous cratered face, visible to the naked eye of man has sparkled the imagination of writers and scientists for centuries. From the dawn of civilization, the Moon has been a source of mystery and wonder. Man has been inspired by the Moon which is evident from his works regarding the same, including stories, myths, folktales, songs, poetry, photography and other studies. No woman has stepped on the Moon, yet interestingly, it has long been associated with women. It's often portrayed as a female entity. It symbolises power and femininity to many. Moon has been a source for romantic inspiration. Greek poet Sappho describes the Moon as:

**" When round and full, her silver face Swims into sight and lights all space. "**

In the 17th century, the English female playwright Aphra Ben wrote a play about a man obsessed by the Moon who was constantly travelling in his imagination. Louisa May Alcott gives motherly attributes to the Moon in her poem, 'The Mother Moon.' In Hindu literature and folklore, Moon is associated with romance, friendship and even loneliness. It has been used as an image to provide the features of loneliness, solitude and serene nocturnal atmosphere. William Shakespeare's play 'A Midsummer Night's Dream' is a romantic comedy combined with themes of desires and mysticism. As the title suggests, much of the play takes place at night when the Moon sits back as an observer and a powerful force. Moon has been linked with the passage of time like its lunar phases. It implies the union of lovers. The Moon has got a lot of imperfections but it's still beautiful and a pleasure to watch. It goes through a lot of phases much like us. Let's be like the Moon, embracing the changes in our life without fear. It has been over 50 years since man first stepped on the Moon but it still excites us. Future ventures concerning the Moon will bring new knowledge and opportunities to inspire the next generation. The lunar surface is sure to get busy again soon. Let's see in what ways the Moon is going to be a part of our future writings.



**Adorna Maria Johny**
3rd DC Physics






Abhith N
3rd Bcom

ഇവിടെ സ്വസ്ഥമായൊന്നുറങ്ങുക എന്നത് പ്രയാസം തന്നെയാണ്.
വെടിമരുന്നിനു സമാനമായ പൊടി മൂക്കിൽ അരിച്ചുകയറുകയാണ്.
ഗർത്തങ്ങളിൽ വെള്ളം കുറഞ്ഞു കൊണ്ടിരിക്കുന്നു.
എന്തായാലും മിനറോളജി മാപർ കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്.
നാസ അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇവിടെ ഒരു യുദ്ധം തുട
ങ്ങാനുള്ള എല്ലാ സാധ്യതകളും കാണുന്നുണ്ട്.
റഷ്യ മൗണ്ട് ഹൈഗെൻസ് ഇടിച്ചു നിരപ്പാക്കിയിട്ടുണ്ട്,
മറുഭാഗത്തു പ്രശാന്ത സമുദ്രം നവീകരിക്കുകയാണമേരിക്ക.
അതിനിടയിൽ  ഉത്തരകൊറിയ പുതിയതരം റോബോട്ട് മിസൈലുകൾ
അയക്കാൻ ഒരുങ്ങുന്നു.
അത്ഭുതമൊന്നുമില്ല,
മനുഷ്യരുടെ അനീതിയുടെ, അവരുടെ  ധാർഷ്ട്യത്തിന്റെ ചെയ്തികൾ
പുനർനിർണയിക്കപ്പെടുകയാണ്.ഒരു യുഗവും പുതിയതല്ല,
എല്ലാം തുടർച്ചകൾമാത്രമാണ്.
ഇതൊന്നും തന്നെ വാർത്തകളിലോ പത്രങ്ങളിലോ കാണില്ല,
അവരൊക്കെയും പ്രൊപ്പഗാന്തകൾ ഉണ്ടാക്കാനുള്ള തിടുക്കത്തിൽ
മാത്രമാണ്.
പ്രമുഖ ജനാധിപത്യരാജ്യം  ഇപ്പോഴും ഗഗൻയാനിൽ മാത്രം
ഒതുങ്ങുകയാണ്.
ദുർബലമായ സമ്പത്തിക വ്യവസ്ഥയാണ് ഇതിനുപിന്നിൽ എന്നൊരു
അഭ്യൂഹമുണ്ട്.
അധികാരത്തെയും അധികാരികളെയും ആരാധിക്കാനെ ഇന്നത്തെ
മനുഷ്യർക്ക് സമയമുള്ളൂ.

കഴിഞ്ഞില്ല, വലിയൊരു തർക്കത്തിന്റെ തുടക്കത്തിലാണിപ്പോൾ.
അന്താരാഷ്ട്ര ബഹിരാകാശ നിലയം ആമസോൺ വിലക്ക് വാങ്ങുകയാണ്.
പ്രസിഡന്റുമാർ  അലമുറയിട്ട് കൊണ്ടിരിക്കുന്നു.
ഇവർക്കിടയിലേക്കാണ്  കോപ്പർനിക്കസിനെ വിമർശിച്ചു പുതിയ ചില ആളുകൾ ചൈനയിൽ നിന്നും വന്നത്.
അവർ ഗവേഷണത്തിലാണ്.
ചന്ദ്രോപരിതലത്തിൽ കൃഷി ചെയ്യാൻ തക്കവിധം റിഗോലിത്തിനെ പരിപോഷിപ്പിച്ചെടുക്കുന്നുണ്ട്.ശാസ്ത്രകൽപിത കഥകളിൽ പ്രത്യക്ഷപെടുന്ന ചന്ദ്രനിലെ സാങ്കൽപ്പിക ജീവികളെക്കുറിച്ചും ഗൂഢാലോചന നടക്കുന്നുണ്ട്.
തകർന്നടിഞ്ഞ പല  ദൗത്യങ്ങളുടെ  അവശേഷിപ്പുകൾ ഇന്നും അങ്ങനെ തന്നെയുണ്ട്.
എനിക്കുറപ്പാണ്, ഇവിടത്തെ ഭൗതികസ്വഭാവവിശേഷങ്ങളും ഭൂഗർഭശാസ്ത്ര പരമായ പരിണാമവും ഉത്പത്തിയുമെല്ലാം പഠിക്കേണ്ടത് ഇങ്ങനെയല്ല.
എല്ലാം കൊണ്ടും ചൂഷണങ്ങൾ  വ്യവസ്ഥിതിയോടെ തുടർന്നുപോരുന്നു.

ഇത് എഴുതിതീരുമ്പോഴും എന്റെയുള്ളിൽ പ്രതീക്ഷകളില്ല,
അപ്പോൾ ഈ കത്തോ....
വാൻഗോഗിന്റെ കത്തുകളാൽ അയാൾ ഒറ്റയ്ക്കൊരു വിപ്ലവമായത്പോലെ നാളെ ഞാനും ചിലപ്പോൾ അറിയപ്പെട്ടേക്കാം,
എനിക്കായി വചനങ്ങൾ മുഴക്കപ്പെടുമായിരിക്കാം.
എന്നാൽ  ഇവയൊന്നും  കേൾക്കാൻ ഞാൻ ഉണ്ടാവുമെന്നു തോന്നുന്നില്ല,
അസഹിഷ്ണുതകളാൽ ഞാൻ പൂർണമായും അസ്വസ്ഥനായിരിക്കുന്നു.
അതെ,എന്റെ ദൗർബല്യങ്ങളെല്ലാം വലിച്ചെറിഞ്ഞു ഞാൻ ഇനി എന്താണ് ചെയ്യാൻ
പോകുന്നത്.
മനുഷ്യന്റെകാൽവയ്പ്പ്മനുഷ്യരാശിയുടെകുതിച്ചുചാട്ടമെന്നത്ഇപ്പോഴത്തെ ഏറ്റവും വിലയില്ലാത്ത  തമാശയാണെന്ന് നിങ്ങളോട് വിളിച്ചു പറയണോ? അതോ  അവരുടെ നീതിബോധത്തെ ചോദ്യം ചെയ്യണോ?

ഇനി ഹാഷ്ടാഗുകൾ ജനിക്കട്ടെ,വിപ്ലവം ഉണ്ടാവട്ടെ.ഇത് മനുഷ്യന് മനു ഷ്യരോടുള്ള വെറുപ്പോ വിദ്വേഷമൊ അല്ല, തികച്ചും ഭൂമിശാസ്ത്രപരമായ അധിനിവേശത്തോടുള്ള വിയോജിപ്പുകൾ മാത്രമാകട്ടെ.
ഞാനും ഇതിനോടൊപ്പം ഐക്യപെടുന്നു.



# ചിറകുയർത്തി



**Priya Pappan K**
$2^{nd}$ DC life Science

സ്വപ്നങ്ങൾക്ക്  ചിറകു നൽകി
അവൻ പറക്കുകയായിരുന്നു.
നീലാകാശത്തിൽ പറന്നുയരാൻ മോഹിച്ച്
നിലാവിനെ തൊടാൻ കൊതിച്ച്
അന്ന് ആംസ്ട്രോങ്ങും
ആൽഡ്രിനും മൈക്കിളും
എത്തിപ്പിടിച്ചത്
മാനവർ നെഞ്ചേറ്റിയ സ്വപ്നമായിരുന്നു.
പതിറ്റാണ്ടുകൾക്ക് മുമ്പ്
രാപ്പകൽ ഉറക്കമെണഞ്ഞ
സ്വപ്നത്തിന് പറക്കാൻ ചിറകുകിട്ടി.
വിമാനം നോക്കി റ്റാറ്റാ പറഞ്ഞവൻ
ഇന്ന് അതിനും മുകളിൽ പറന്നു ചരിത്രം കുറിച്ചു.
അമ്പിളിമാമനെ നോക്കി ചിരിച്ച മനുഷ്യാ
നീയാണ്, ഇന്ന് സ്വപ്നം കയ്യെത്തിപ്പിടിച്ചത്!
നീയാണ്, മറ്റൊരു ലോകം തുറന്നുകാട്ടിയത്!

# THE FUTURE OF LUNAR EXPLORATION

*The Apollo program helped show humans that we're capable of the ' impossible '.*



Diya Gijo
2nd DC Physics

We are able to make science fiction a reality. During this 52 nd anniversary of the Apollo 11 Moon landing, these were the thoughts and ideas on my mind.

We will go back to the Moon to learn more about what it will take to support human exploration to Mars and beyond. We will continue to nurture the development of a vibrant low-Earth orbit economy that builds on the work done to date by the International Space Station. NASA engineers will develop new technologies to improve air transport at home and meet the challenges of advanced space exploration.

Unlike the way the space program started, NASA will not be racing a competitor. Rather, they will build upon the community of industrial, international, and academic partnerships forged for the space station. Commercial companies will play an increasing role in the space industry: launching rockets and satellites, transporting cargo and crew, building infrastructure in low-Earth orbit.

NASA will continue to be a global leader in scientific discovery, fostering opportunities to turn new knowledge into things that improve life here on Earth.


In the half-century since people visited the Moon, NASA has continued to push the boundaries of knowledge to deliver on the promise of American ingenuity and leadership in space. NASA will continue that work by moving forward to the Moon with astronauts landing on the lunar South Pole by 2024. NASA is implementing the President's Space Policy Directive-1 to "lead an innovative and sustainable program of exploration with commercial and international partners to enable human expansion across the solar system." NASA stands on the verge of commercializing low-Earth orbit. These experiences and partnerships will enable NASA to go back to the Moon in 2024 – this time to stay. NASA's backbone for deep space exploration is the biggest rocket everbuilt, the Space Launch System (SLS),the Orion spacecraft and the Gateway Lunar command module. With its partners, NASA will

use the Gateway Lunar command module orbiting the Moon as a staging point for missions that allow astronauts to explore more parts of the lunar surface than ever before.

India's space program wants to go where no nation has gone before --to the south side of the moon. And once it gets there, it will study the potential for mining a source of waste-free nuclear energy that could be worth trillions of dollars.

India has announced plans for a third lunar mission, months after its last one crash landed on the Moon's surface.

In ancient days men looked at the stars and saw their heros in the constellation, in modern times we do much the same but our heros are the epic men of flesh and blood. For every human being who looks up to the Moon in the nights to come will know there is some corner of another world that is for mankind.





**Krishnapriya**
2nd DC Microbiology

# കറുപ്പ്

ആരുമില്ലാതെ പടർന്നു പരക്കുന്ന ആകാശക്കറുപ്പിലേക്ക്, കാർമേഘക്കൂനകൾ ഇരുട്ടിന്റെ ചൂട്ട് കത്തിച്ച് കറുത്ത വെളിച്ചം പരത്തുകയാണ്. അങ്ങിങ്ങായലഞ്ഞുതിരിയുന്ന നക്ഷത്രങ്ങളൊക്കെയും ആദ്യമാദ്യങ്ങളിൽ പ്രതീക്ഷയോടെ മിന്നിത്തിളങ്ങുകയും, പതിയെപ്പതിയെ എന്തിനെന്നില്ലാതെ നിക്ഷ്പക്ഷമായി തീരുകയും ചെയ്യുന്നു. കറുപ്പിൽ കുതിർന്നടിയുന്ന ജീവിതത്തിനിടയിലും വെളിച്ചമന്വേഷിക്കുന്ന രാത്രിക്കല്പം ആശ പകർന്നു കൊണ്ടാണ് അകലങ്ങളിൽ പ്രതീക്ഷ വറ്റാത്തൊരക്ഷയപാത്രം പോലെ പൗർണമി തെളിഞ്ഞു വരുന്നത്. മാനത്തെ തേങ്ങാപൂളാണമ്പിളിമാമനെന്ന് പറയുമ്പോഴും ഉറവ വറ്റാത്ത വെളിച്ചത്തിലൂടെ നിഷ്കളങ്കമായി ചിരിക്കാറുണ്ടപ്പൊഴെല്ലാം...



പനിനീർ ഗന്ധമുള്ള ഒറ്റപെടലിന്റെ രാത്രികളിൽ നിലാവ് നോക്കിയിരിക്കുമ്പോൾ, മേഘവിടവുകളിലൂടെ വെളിച്ചം പൊതിഞ്ഞുകെട്ടിയ ഓർമകളും സ്വപ്നങ്ങളുംദൂതയച്ച്കൂട്ട്നൽകാറുണ്ട്.നിലാവ് വറ്റിയ രാത്രിക്ക് പകൽ പകർന്ന് പുലരുവോളം പ്രതീക്ഷ പകർന്നതുകൊണ്ടാവണം,അമ്പിളി നിറഞ്ഞു നിൽക്കുന്ന ആകാശം കടം തരുന്ന ഓരോ നാളെ യുടെ പകലുകളും ഇന്നലെകളെക്കാൾ മനോഹരമായിത്തീരുന്നത്.



Renuka E
2nd DC BBA



# ഉയരെ

ഒന്നും ഇവിടം കൊണ്ടവസാനിക്കുന്നില്ല
വെറും ഒരു തുടക്കം മാത്രമാണിത്
ഇന്നിവിടെയീ  ചന്ദ്രനിൽ നിൽക്കുമ്പോൾ
ഓർത്തീടുന്നു ഞാനെൻ ഭൂതകാലം
അത്ഭുതകരമാംവിധം എത്തിനോക്കി
അമ്മ തൻ മടിയിൽ നിന്നാവട്ടെ തുടക്കം
ഒരു കുഞ്ഞു സ്വപ്നം മുളച്ചു പൊങ്ങി
വേണമെന്നാശിച്ചു വാശിപിടിച്ചു ഞാൻ
മാനത്തെ പൊൻ തിളക്കം.
ഇന്നെത്തി നിൽക്കുന്നു ഞാനാ പ്രഭയിൽ
അമ്മതൻ താരാട്ട് കൊതിക്കുന്നു ഞാൻ
ഇതിലപ്പുറം ഇതിനപ്പുറമെന്തെനിക്ക്
കയ്യെത്തി പിടിക്കാനാവാതെ വിതുമ്പിയന്ന്
ഇന്ന് അതെ വിതുമ്പൽ വീണ്ടും
മാനത്തെമാമനെ നേടുവാനാശിച്ചതും
കുട്ടിത്തമായി സമൂഹം വിധിച്ചതും
ഇന്നെൻ കാൽപാദമിവിടം സ്പർശിച്ചതും
എല്ലാമെന്നുള്ളിലൂടെ കടന്നുപോയി
അവസാനമായൊന്നു പറഞ്ഞുവെക്കാം
നെടുവാനാവാത്തതൊന്നുമില്ലിന്ന്
നേടി കഴിഞ്ഞുവെൻ മാനത്തെസ്വപ്നം.

# മാനത്തെ താരം



Sneha Antony
2nd DC Development Economics

തന്റെ കൊച്ചുമകനായ ഉണ്ണിക്ക് മുത്തശ്ശി ഒരു കഥ പറഞ്ഞുകൊടുത്തു. ഉണ്ണിക്കുട്ടൻ അതീവ ശ്രദ്ധയോടെ മുത്തശ്ശിയുടെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അവന്റെ ശ്രദ്ധ മുഴുവനും മുത്തശ്ശി പറഞ്ഞ അമ്പിളിമാമന്റെ അരികിൽ എത്തണം എന്നായിരുന്നു. ഉണ്ണിക്കുട്ടന് 12 വയസ്സായതേയുള്ളൂ. ആ കുഞ്ഞു പ്രായത്തിൽ തന്നെ അവൻ അമ്പിളിയുടെ അരികിൽ എത്തണമെന്ന് ആഗ്രഹിച്ചു. അവൻ മുത്തശ്ശിയോടും അച്ഛനോടും അമ്മ
യോടും തന്റെ ആഗ്രഹം പറഞ്ഞു. അപ്പോഴെല്ലാം തന്റെ ചെറുപ്രായത്തിലെ കുസൃതിയായി മാത്രം അവർ കണ്ടു. തന്റെ ഉണ്ണിയുടെ സ്വപ്നം സഫലം ആകണമെന്ന് ആ മുത്തശ്ശി കൃഷ്ണനോട് പ്രാർത്ഥിച്ചു. "എന്റെ കൃഷ്ണാ... എന്റെ ഉണ്ണിയെ കാത്തോളണേ.. അവനെന്നും നീ തുണയായി ഇരിക്കണേ. അവന്റെ എല്ലാ പ്രവർത്തനങ്ങളിലും നീ കൂടെ ഉണ്ടായിരിക്കണേ..."

അങ്ങനെ ദിവസങ്ങൾ... ആഴ്ചകൾ... മാസങ്ങൾ...വർഷങ്ങൾ... കടന്നുപോയി. ഉണ്ണിക്കുട്ടൻ തന്റെ സ്വപ്നത്തി
ലേക്ക് കടക്കുകയാണ്. അവന്റെ ചെറുപ്രായത്തിലെ സ്വപ്നം ഒരു കളി തമാശ പോലെയാണ് മാതാപിതാക്കൾ കണ്ടത്. പക്ഷേ ഉണ്ണി വളരുന്നതോടൊപ്പം അവന്റെ സ്വപ്നവും വളർന്നത് അവരറിഞ്ഞില്ല. അവന്റെ മാതാപിതാക്കളെക്കാളും കൂടുതൽ സന്തോഷം മുത്തശ്ശിക്കായിരുന്നു. അവന്റെ ആഗ്രഹം പൂർണമാകാൻ മുത്തശ്ശി ഒരുപാട് പ്രാർത്ഥിച്ചു. കണ്ണടച്ച് തുറക്കുമ്പോഴേക്കും ദിവസങ്ങൾ കൊഴിഞ്ഞു വന്നു. അവൻ മാത്രമല്ല ചന്ദ്രനിലേക്ക് പോകുന്നത് അവന്റെ കൂട്ടുകാരൻ അപ്പുവും ഉണ്ട്. അവന്റെ കൂടെ എന്നും ഒരു നിഴൽ പോലെ കൂടെ നടക്കുന്നവൻ ആയിരുന്നു അപ്പു. തന്റെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ അവർക്ക് കൂട്ടായി അതിന്റെ എല്ലാ ഉപദേശങ്ങളും നിർദ്ദേശങ്ങളും നിയമനടപടികളും എല്ലാം പറഞ്ഞ് മനസ്സിലാക്കി കൊടുത്തത് ഇതിന്റെ മേൽനോട്ടക്കാരൻ ആയ ഐ എസ് ആർ ഒ യിലെ പ്രൊഫസർ രാമചന്ദ്രൻ സാറാണ്. സാറിന്റെ ഗവേഷണത്തിന്റെ ഭാഗമായി അദ്ദേഹം അവരെയും കൂടെ കൂട്ടി. അവർ ഞങ്ങളുടെ ദൗത്യം പൂർണമാക്കാൻ സജ്ജരായി.ഏറ്റവും നന്നായി വേണം അത് പൂർത്തിയാക്കാൻ എന്നവർ ആഗ്രഹിച്ചിരുന്നു.

ദേവു.... മോളെ ദേവു.. മുത്തശ്ശി വിളിച്ചു. അമ്മേ ഞാൻ വരുന്നു. മുത്തശ്ശി അകത്തു നിന്നും ഒരു ശബ്ദം കേട്ടു . എത്രനേരമായി ഞാൻ നിന്നെ വിളിക്കുന്നു.നീ എന്താ വിളി കേൾക്കാത്ത ത്...ഞാൻ അടുക്കളയിൽ ആയിരുന്നു അമ്മേ. ഇന്നത്തെ ദിവസത്തെ പറ്റി നീ മറന്നോ മോളേ... ഇന്നത്തെ ദിവസം... അമ്മേ ഞാൻ മറക്കുമോ.....ഇന്നത്തെ ദിവസത്തെ പറ്റി.... ഇന്നത്തേക്ക് എന്റെ ഉണ്ണി പോയിട്ട് ഒരു കൊല്ലം തികയുകയാ. മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞു... ചുണ്ടുകൾ വിതുമ്പി... എന്റെ ഉണ്ണി....എല്ലാം ഇന്നലെ കഴിഞ്ഞത് പോലെ. ആ അമ്മ എല്ലാം ഓർത്ത് നിശബ്ദയായി വരാന്തയിൽ ചാരി നിന്നു. അറിയാതെ കണ്ണുകൾ അടഞ്ഞു. ഒരു നിമിഷം ആ പഴയ ഓർമ്മകളിലേക്ക് അമ്മയുടെ ഓർമ്മകൾ തിരികെ ഓടി. അന്നത്തെ ആ ദിവസം അതാർക്കും മറക്കാൻ ആവാത്ത ദിവസം ആയിരുന്നു.എന്റെ ഉണ്ണിയും കൂട്ടരും തങ്ങളുടെ ദൗത്യം പൂർത്തിയാക്കി തിരികെയെത്തിയ ദിനം. ഉണ്ണിയുടെ കണ്ണുകളിൽ സന്തോഷത്തിരയിളക്കം മാതാപിതാക്കളും മുത്തശ്ശിയും എല്ലാവരും കണ്ടു. തന്റെ പന്ത്രണ്ടാം വയസ്സിൽ മുത്തശ്ശി പറഞ്ഞു തന്ന കഥയിലെ മാനത്തെ താരത്തിന് അരികിൽ ചെന്ന ദിനം. തങ്ങളുടെ ദൗത്യം ചന്ദ്രനിൽ വെള്ളം ഉണ്ടോ എന്ന് നോക്കുകയായിരുന്നു. അവർ കണ്ടുപിടിക്കുകയും ചെയ്തു. ഞങ്ങളുടെ ദൗത്യം പൂർണമായ ദിനം.അതവരുടെ ജീവിതത്തിൽ മറക്കാനാവാത്ത ഒന്നായിരുന്നു.

ആ നാടാകെ ഉണ്ണിയുടെ പേരിൽ അഭിമാനിച്ചു. ആ അഭിമാനത്തിൽ അധികനാൾ ഉണ്ണിക്ക് ജീവിക്കാൻ ആയില്ല. ഒരു ആദരിക്കൽ ചടങ്ങ് കഴിഞ്ഞു തിരികെ വരുന്ന വരവിൽ ഉണ്ണി ഒരു വാഹനാപകടത്തിൽ മരിച്ചു... അവസാനമായി തന്റെ മാതാപിതാക്കളെയും മുത്തശ്ശിയെയും ഒന്ന് കാണാൻ അവൻ ആഗ്രഹിച്ചു. അതൊന്നും അവനു സാധിച്ചില്ല. തന്റെ ആഗ്രഹം നടന്നു എന്നതുമാത്രം. ആ നൊമ്പരം ആ നാടിന്റെ നടുക്കം മാറാതെ നിൽക്കുകയാണ്. ഉണ്ണിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടിട്ട് ആണല്ലോ അവൻ പോയതെന്ന് ഒരാശ്വാസം മാത്രം ആയിരുന്നു ആ അമ്മയ്ക്ക്. തന്റെ ഉണ്ണിയുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകിയത് ഓർത്ത് അഭിമാനം. എല്ലാ സ്വപ്നങ്ങളും യാഥാർത്ഥ്യം ആകണമെന്നില്ല കഠിനപരിശ്രമം മൂലം എല്ലാ സ്വപ്നങ്ങളും യാഥാർഥ്യമാകുന്നു. അമ്മ ഓർത്തു വിതുമ്പി.

പെട്ടെന്ന് തണുത്തകാറ്റ് ഒഴുകിയെത്തി. എന്റെ ഉണ്ണിയെ കുറിച്ചോർക്കുമ്പോൾ എന്നും ആ കാറ്റ് വരാറുണ്ട്. അത് തന്റെ ഉണ്ണി ആണ് എന്ന് ആ അമ്മ വിശ്വസിക്കുന്നു. തന്റെ ഉണ്ണിയുടെ കളിയും കൊഞ്ചലും എല്ലാം ആ വീടിന്റെ അകത്തളങ്ങളിൽ മുഴങ്ങി കൊണ്ട് ഇരുന്നു. തന്റെ ഉണ്ണി.....പെട്ടെന്ന് അമ്മ ഞെട്ടി എണീറ്റു. അകത്തു നിന്ന് ഒരു ഫോൺ കോൾ ആയിരുന്നു അത്. അമ്മ ഓടിച്ചെന്ന് കോൾ എടുത്തു. ഹലോ ഇതാരാ.. ഞാൻ ഉണ്ണിയുടെ കൂട്ടുകാരൻ. ഞങ്ങൾ ഉണ്ണിയെ ആദരിക്കുന്ന ചടങ്ങ് വച്ചിട്ടുണ്ട്.പക്ഷേ ഇപ്പോൾ ഉണ്ണി ഇല്ലാത്ത സ്ഥിതിക്ക്.. അമ്മ പറഞ്ഞു .അതിന് എന്നാ അമ്മേ.. അവന്റെ ഓർമ്മകൾ നമ്മളിലൂടെ ഇന്നും ജീവിക്കുന്നുണ്ടല്ലോ... അത് ശെരിയാ മോനെ. അമ്മയും അച്ഛനും മുത്തശ്ശിയും വരണം ആ പരിപാടിയിൽ പങ്കെടുക്കണം. അമ്മ ഒരു നിമിഷം ഏകാന്തതയിലേക്ക് വഴുതിവീണു. ഉണ്ണി ഉണ്ടായിരുന്നെങ്കിൽ ഈ പരിപാടിയിൽ അവനോടൊപ്പം പോകാമായിരുന്നു . അവന്റെ സന്തോഷം അത് കാണാമായിരുന്നു... അമ്മേ... ഹലോ അമ്മേ... ആ മോനെ... ഞാൻ ഒരുനിമിഷം ഉണ്ണിയെ ഓർത്തു പോയി... അവന്റെ ജീവിക്കുന്ന ഓർമ്മ ഞങ്ങൾ എല്ലാവരിലുമുണ്ട്. അമ്മയും അച്ഛനും മുത്തശ്ശിയും എന്തായാലും വരണം.

ഞങ്ങൾ പഠിച്ച സ്കൂളിൽ ആണ് പരിപാടി. വരാം എന്നവർ പറഞ്ഞു. അമ്മ അച്ഛനോടും മുത്തശ്ശിയോടും കാര്യം പറഞ്ഞു. അത് കേട്ടപ്പോ അവരുടെ ഉള്ളും നിറഞ്ഞു. പറഞ്ഞപോലെ ആ ദിവസം വന്നെത്തി. അച്ഛനും അമ്മയും മുത്തശ്ശിയും സ്കൂളിലേക്ക് ചെന്നു. വരുന്ന വരവിൽ ഉണ്ണിയുടെ പുഞ്ചിരിതൂകി നിൽക്കുന്ന വലിയ ഫ്ളക്സ് അവർ വഴിയിൽ കണ്ടു. അച്ഛന്റെ മനസ്സിൽ തിരമാലകൾ അലതല്ലിക്കൊണ്ടിരുന്നു. തന്റെ ഉണ്ണി അവരുടെ കൂടെ ഉള്ളത് പോലെ അവർക്ക് അനുഭപെട്ടു. പരിപാടിക്കിടയിൽ ഞങ്ങളെ സ്റ്റേജിലേക്ക് ക്ഷണിച്ചു. ഞങ്ങൾ സ്റ്റേജിലേക്ക് കയറി. അവന്റെ ചിരിച്ചുകൊണ്ടുള്ള മുഖം കൊത്തിയ ഒരു വലിയ ഫലകം. ഞങ്ങൾ അതു സന്തോഷപൂർവ്വം ഏറ്റുവാങ്ങി. ആ സമയം എല്ലാവരുടെ ഉള്ളിലും ഉണ്ണി നിറഞ്ഞു.

പരിപാടി കഴിഞ്ഞ് തിരികെ ഞങ്ങൾ വീട്ടിലേക്ക് മടങ്ങുന്ന വഴിയിൽ ഒരു കുട്ടി പറയുന്നത് ഞങ്ങളുടെ ശ്രദ്ധയിൽപെട്ടു, എനിക്കും ഉണ്ണിയേട്ടനെ പോലെ ആവണം. ഉണ്ണിയേട്ടൻ ഞങ്ങൾക്ക് എന്നും ഒരു മാതൃകയാണ്. ഉണ്ണി ജീവിച്ചിരുന്നപ്പോൾ അവനെ കൊണ്ട് ആവുന്ന പോലെ മറ്റുള്ളവരെ സഹായിക്കുമായിരുന്നു. അവന് എല്ലാവരേയും ഒത്തിരി ഇഷ്ട്ടമായിരുന്നു. ആ കുട്ടിയുടെ സംസാരം കേട്ടപ്പോൾ തന്നെ അച്ഛന്റെ മനസ്സിലൊരായിരം സന്തോഷങ്ങൾ ചേർന്നു. ഉണ്ണി ഇപ്പോഴും എല്ലാവരിലും ജീവിക്കുന്നുണ്ട് എന്ന് ഓർത്തപ്പോൾ സന്തോഷമുണ്ട്. എന്റെ ഉണ്ണി എല്ലാവർക്കും മാതൃകയാണ്. എല്ലാവരും അവരവരുടെ സ്വപ്നങ്ങൾ പൂർത്തിയാക്കട്ടെ എന്ന് ആ അച്ഛൻ മനസ്സുകൊണ്ട് ആഗ്രഹിക്കുന്നുണ്ടായിരുന്നു. ഓരോ കുഞ്ഞുങ്ങളെ കാണുമ്പോഴും ആ അച്ഛൻ അവരിലെല്ലാം ഉണ്ണിയെ കണ്ടു. അത്യധികമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്താൽ നടക്കാത്തത് ഒന്നും ഇല്ല. സ്വപ്നം കാണുക... അതിനു വേണ്ടി പരിശ്രമിക്കുക....





SHAMIL AHMAD
2nd B COM



# ചന്ദ്രന്റെ ചിന്തകൾ

ആദ്യം ഒരു പട്ടിക്കുട്ടി വന്നു പക്ഷെ തിരിച്ചു പോയി
പിന്നെ 3 ആൾക്കാർ വന്നു അവരും തിരിച്ചു പോയി
പിന്നെയും കുറെ ആൾക്കാർ വന്നു അവരും തിരിച്ചു പോയി.
വന്നവരുടെ മുഖം പോലും കാണാൻ കഴിഞ്ഞില്ല.
പേര് അറിയാത്ത അവരുടെ കാൽപ്പാട് എന്റെ ദേഹത്തു കാണാൻ കഴിയും.
അത് എങ്ങനെ വന്നു ആവോ!
അവർ എന്റെ ദേഹത്ത് തൊട്ടിട്ടില്ല ..
ചാടി ചാടി അല്ലെ പറന്നു നടന്നത് .
എങ്ങനെ ആവോ എന്തോ? എന്നാലും അവർ എന്താ ഇവിടെ താമസിക്കാത്തത്?
അവർ വന്ന സ്ഥലം പോലെ അല്ലെ ഞാനും എന്നിട്ടും അവർ എന്തിന് തിരിച്ചു പോയി.
എപ്പോഴെങ്കിലും വീണ്ടും എന്നെ തേടി വരുമായിരിക്കും.....






**Akshaya T**
2nd DC Microbiology



**Majo Augustine**
2nd DC Computer Science








**Aswin S**


3rd DC Physics





**Nandana vinod**


2nd DC Life Science





**Akhila K**
Management studies



**Ashwathi V**
2nd Development Economics







**Sai Prakash**


3rd DC Development Economics



**Shilpa Sasindran**


3rd DC Physics









**Mahesh Mohan P**
2nd DC Computer Science







**Nafla C K**
2nd DC life science


USAF
BOEING
DELTA
STEREO
“We began as wanderers, and we are wanderers still. We have lingered long enough on the shores of the cosmic ocean. We are ready at last to set sail for the stars.”
- CARL SAGAN